LIBRARY ARCHIVES Kerala Legislative Assembly

യുവജനങ്ങൾക്ക് മാധ്യമ ക്യാമ്പ്

126 (5943) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമ രംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കുവേണ്ടി ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ആരുടെയെല്ലാം പങ്കാളിത്തം പ്രയോജനപ്പെടുത്തുകയുണ്ടായി ?

ഉത്തരം

(എ) ഉണ്ട്

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അറിവും പരിചയവും അവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവമാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

യുവ സാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

127 (5944) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്

(ബി) സാഹിത്യ രംഗത്ത് അഭിരുചിയുള്ള യുവ സാഹിത്യകാരൻമാർക്ക് സാഹിത്യ മേഖലയിലെ ആചാര്യന്മാരുമായി സംവദിക്കുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും വേദിയൊരുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജന ക്ഷേമബോർഡ് സാഹിത്യ ശിൽപ്പശാലകൾ സംഘടിപ്പിച്ച് വരുന്നു.

(സി) യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 ജൂലായ് 25, 26, 27 തീയതികളിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2013 നവംബർ 9, 10, 11 തീയതികളിൽ കോഴിക്കോടുവച്ച് യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2015 ജനുവരി 24, 25, 26 തീയതികളിൽ തൃശ്ശൂരിൽവച്ച് 'അക്ഷരയുവത്വം' യുവസാഹിത്യ ശിൽപ്പശാല സംഘടിപ്പിച്ചു 2015 ജൂലൈ 24, 25, 26 തീയതികളിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിൽവച്ച് സൗത്ത് ഇൻഡ്യൻ റൈറ്റേഴ്സ് എൻസെമ്പിൽ (SIWE) എന്ന പേരിൽ സാഹിത്യ ഫെസ്റ്റിവൽ സംഘടിപ്പിച്ചു

ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന

128 (5945) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ബി) യുവതീയുവാക്കൾക്ക് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് ഈ പദ്ധതി പ്രകാരം അവസരമൊരുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly